**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2634** **22-01-2021 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ,<br>ശ്രീ . ജോർജ് എം .തോമസ് ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ . എം . മുകേഷ് | | Shri A. K. Balan<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതിക്കാരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നടപ്പിലാക്കിയ നൂതനപദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതിക്കാരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നടപ്പിലാക്കിയ നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ/ +2 തലത്തിലുള്ള വിദ്യാർത്ഥികൾക്ക് എല്ലാ പഠന സൗകര്യങ്ങളോടും കൂടിയ ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള പഠനമുറി എന്ന പദ്ധതി. 25000 പഠനമുറികൾ ഇതിനകം അനുവദിച്ചു. 2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്രവികസനത്തിനുമായിട്ടുള്ള ഇൻഷുറൻസ് ലിങ്ക്ഡ് പദ്ധതിയായ വാത്സല്യനിധി പദ്ധതി. 3. M.S.C Electronics, B.Arch. M.Phil, Ph.D എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കൂടി ലാപ് ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി. 4. പട്ടികജാതി വകുപ്പിന് കീഴിലുള്ള 44 ഐ.റ്റി.ഐ.കളിലെ വിദ്യാർത്ഥികൾക്ക് പോഷാകാഹാരം നൽകുന്നതിന്റെ ഭാഗമായി ഒരു മുട്ടയും ഒരു ഗ്ലാസ്സ് പാലും ഉച്ചഭക്ഷണവും നൽകുന്ന പദ്ധതി. 5. 7 ഐ.റ്റി.ഐ കളെ റസിഡൻഷ്യൽ ഐ.റ്റി.ഐ കളാക്കി മാറ്റി. 6. സ്വകാര്യ സിവിൽ സർവ്വീസ് കോച്ചിംഗ് സ്ഥാപനങ്ങളിൽ 30 പേർക്ക് പരിശീലനം. 7. മണ്ണന്തല ICSETS – ൽ ഒരു വർഷ ജേർണലിസം പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ. 8. പാലക്കാട് വടക്കാഞ്ചേരിയിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്. 9. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പേരൂർക്കട. 10. ആധുനിക റൈസ് മിൽ - കണ്ണമ്പ്ര 11. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, |

| | | | |
|---|---|---|---|
| | | | കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്ന പദ്ധതി. 12. നഴ്സിംഗ് പഠനം പൂർത്തീകരിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതി യുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ 15,000/- രൂപ ധനസഹായത്തോടെ പരിശീലനം നൽകുന്ന പദ്ധതി. 13. പട്ടികജാതി യുവതി യുവാക്കൾക്ക് പരിശീലനം നൽകി 100% പ്ലെയിസ്മെന്റ് ഉറപ്പാക്കുന്ന വിവിധ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ. |
| (ബി) | പട്ടികജാതിക്കാർ താമസിക്കുന്ന കോളനി പ്രദേശങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ആവിഷ്കരിച്ച അംബേദ്കർ ഗ്രാമം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പട്ടികജാതി കോളനികളുടെ വികസനത്തിനായി ആവിഷ്കരിച്ച അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന കോളനികളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് ഗവ. അക്രഡിറ്റഡ് ഏജൻസി കളാണ്. പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനായി ബഹു. വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രിൻസിപ്പൽ സെക്രട്ടറി, ഡയറക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ എന്നിവരുടെ അവലോകന യോഗങ്ങൾ ചേരുകയും, നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. പദ്ധതി നടത്തിപ്പിലെ സാങ്കേതികവും മറ്റുമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും ഈ യോഗങ്ങളിൽ നടപടി സ്വീകരിക്കുന്നു. കൂടാതെ ജില്ലാ ഓഫീസുകൾ വഴിയും പട്ടികജാതി വികസന ഓഫീസുകൾ വഴിയും ഫീൽഡ്തല പരിശോധനകളും നടത്തി വരുന്നു. |
| (സി) | എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതിപ്രകാരം പട്ടികജാതി കോളനികളിൽ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | തെരഞ്ഞെടുക്കുന്ന കോളനികളിൽ താഴെ പറയുന്ന നിർമ്മാണ/ക്ഷേമ പ്രവൃത്തികൾ എം.എൽ.എ യുടെ നേതൃത്വത്തിൽ കോളനി നിവാസികളുടെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കുന്നു. പ്രാദേശികമായ ആവശ്യകതയും സാങ്കേതിക ക്ഷമതയും പരിഗണിച്ച് ഒരു കോടി രൂപവരെ (നികുതികൾ ഉൾപ്പെടെ) യുള്ള പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്). 1. ഇന്റേണൽ റോഡ്/ഫുട്പാത്ത് 2. ആശയവിനിമയ സൗകര്യം 3. കുടിവെള്ള പദ്ധതി 4. ഡ്രെയിനേജ് സൗകര്യം 5. വൈദ്യുതീകരണം/ വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം 6. സോളാർ തെരുവു വിളക്ക് 7. സാനിട്ടേഷൻ 8. ഭവനപുനരുദ്ധാരണം 9. മാലിന്യ നിർമ്മാർജ്ജനം 10. പൊതുവായ സൗകര്യങ്ങൾ, കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ) 11. സംരക്ഷണഭിത്തി നിർമ്മാണം 12. ഇറിഗേഷൻ 13. അടുക്കളത്തോട്ടം 14. വരുമാനദായക പദ്ധതികളായ മൃഗ സംരക്ഷണം/ ഹോൾട്ടികൾച്ചർ/ വിവിംഗ്/ കരകൗശലം മുതലായവ (വനിത കൾക്കുള്ള സ്വയം തൊഴിൽ പദ്ധതി) |

| | | | |
|---|---|---|---|
| (ഡി) | മുൻ സർക്കാർ ഏറ്റെടുത്തുവെങ്കിലും പ്രവൃത്തികൾ പൂർത്തിയാക്കാതിരുന്ന എത്ര കോളനികളുടെ പ്രവൃത്തികളാണ് ഈ സർക്കാർ പൂർത്തീകരിച്ചതെന്ന് അറിയിക്കാമോ; | (ഡി) | മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുള്ള സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം പ്രവർത്തനം ആരംഭിച്ചിട്ടുള്ള 112, 95 കോളനികളിൽ യഥാക്രമം 97, 66 (ആകെ 163 കോളനികൾ) കോളനികളുടെ നിർമ്മാണം പൂർത്തീകരിച്ചത് ഈ സർക്കാരിന്റെ കാലത്താണ്. |
| (ഇ) | പ്രസ്തുത പദ്ധതി പ്രകാരം എത്ര കോളനികളെയാണ് ഈ സർക്കാർ പുതുതായി തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ? | (ഇ) | സ്വയം പര്യാപ്തഗ്രാമം പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലത്ത് കോളനികൾ തെരഞ്ഞെടുത്തിട്ടില്ല. അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലത്ത് (2016-17 മുതൽ 2020-21 വരെ) 427 കോളനികളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ